**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3360** **14-07-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ ഭൂവിനിയോഗ ക്രമത്തിലും വിള ക്രമത്തിലും വന്ന മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ ഭൂവിനിയോഗ ക്രമത്തിലും വിള ക്രമത്തിലും വന്ന മാറ്റം സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷയ്ക്കും പാരിസ്ഥിതിക സുസ്ഥിരതയ്ക്കും ഗുരുതരമായ ഭീഷണി ഉയർത്തുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം 2008 നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ മൊത്തം കൃഷി വിസ്തൃതിയിലും ഒന്നിൽ കൂടുതൽ പ്രാവശ്യം കൃഷി ഇറക്കുന്ന സ്ഥലത്തിന്റെ വിസ്തൃതിയിലും കുറവ് ഉണ്ടാകുന്നതും കാർഷികേതര ആവശ്യങ്ങൾക്കുള്ള ഭൂവിനിയോഗം വർദ്ധിക്കുന്നതും ഗൗരവത്തോടെ പരിഗണിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. 2019-20 നെ അപേക്ഷിച്ച് 2020-21ൽ കാർഷികേതര ആവശ്യങ്ങൾക്കായി നീക്കിവച്ചിരിക്കുന്ന ഭൂമിയിൽ 1.1 ശതമാനത്തിന്റെ വർദ്ധനവും വിവിധ വൃക്ഷവിളകൾക്ക് നീക്കിവെച്ചിട്ടുള്ള ഭൂമിയുടെ വിസ്തൃതി 12.9 ശതമാനത്തിന്റെ വർദ്ധനവുമുണ്ടായി. മൊത്തം കൃഷി വിസ്തൃതി കഴിഞ്ഞ അഞ്ച് വർഷത്തിൽ 20.15 ലക്ഷം ഹെക്ടറിൽ നിന്നും 20.35 ലക്ഷം ഹെക്ടറായി വർദ്ധിച്ചു. ഒന്നിൽ കൂടുതൽ പ്രാവശ്യം കൃഷി ഇറക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി 2019-20 - 2020-21 കാലഘട്ടത്തിൽ നേരിയ കുറവ് (4.74%) ഉണ്ടായിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ കർഷകരെ ബോധവൽക്കരിച്ചുകൊണ്ട് പാരിസ്ഥിതിക സുസ്ഥിരത നിലനിർത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | പാരിസ്ഥിതിക സുസ്ഥിരത കൂടി ലക്ഷ്യം വച്ച് കേരളത്തിലെ മണ്ണിന്റെയും, ഭൂപ്രകൃതിയുടെയും, പാരിസ്ഥിതികമായ പ്രത്യേകതകളുടേയും അടിസ്ഥാനത്തിൽ വിവിധ കാർഷികമേഖലകളായി തിരിച്ച് ഓരോ മേഖലയിലും ഏറ്റവും അനുയോജ്യമായ കൃഷി രീതികളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. ഇത് പ്രകാരം കേരളത്തിലെ കാർഷിക മേഖലയെ കാലാവസ്ഥ, ഭൂപ്രകൃതി, ഭൂവിനിയോഗം, മണ്ണിന്റെ വൈവിധ്യം എന്നിവയെ അടിസ്ഥാനമാക്കി 5 അഗ്രോ ഇക്കോളജിക്കൽ സോൺ അഥവാ AEZ (കാർഷിക പാരിസ്ഥിതിക മേഖല) ആയി വിഭജിച്ചിട്ടുണ്ട്. കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ 2015-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ സോണുകളെ മണ്ണ്, |

കാലാവസ്ഥ, ഭൂപ്രകൃതി, കൃഷി സമ്പ്രദായം മുതലായവ അടിസ്ഥാനമാക്കി 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായി വിഭജിച്ചിട്ടുണ്ട്. ഓരോ കാലാവസ്ഥയ്ക്കും മണ്ണിനും അനുയോജ്യമായ വിളകൾക്കാണ് അഗ്രോ ഇക്കോളജിക്കൽ യൂണിറ്റിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. നിലവിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന വിള അടിസ്ഥാനമായുള്ള എല്ലാ പദ്ധതികളും അഗ്രോ ഇക്കോളജിക്കൽ സോൺ അടിസ്ഥാനമാക്കിയാണ്.

കാർഷിക ആവാസ യൂണിറ്റടിസ്ഥാനത്തിലുള്ള കൃഷി എന്ന ആശയത്തെ സംബന്ധിച്ച് കർഷകർക്ക് അവബോധം നൽകുന്നത് കൂടാതെ ലാഭകരമായി കൃഷി ചെയ്യുന്നതിനാവശ്യമായ ശാസ്ത്രീയവും സാങ്കേതികവുമായ വശങ്ങളെ സംബന്ധിച്ചുള്ള സമകാലിക വിവരങ്ങൾ പ്രദാനം ചെയ്യുവാൻ കൃഷി പാഠശാല എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. വിവിധ പദ്ധതികൾക്കു കീഴിൽ നിർദ്ദേശിച്ചിട്ടുള്ള പരിശീലന, ബോധവൽക്കരണ പരിപാടികൾ കൃഷി പാഠശാല പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു.

കൃഷിവകുപ്പിന്റെ ഡിപ്പാർട്ട്മെന്റ് ഫാമുകളിലും പ്രത്യേകം തിരഞ്ഞെടുത്ത പ്രദേശങ്ങളിലും കാർബൺ ന്യൂട്രൽ ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള ദൗത്യം ആരംഭിച്ചിട്ടുണ്ട്.

കാർഷികേതര ആവശ്യങ്ങൾക്ക് നെൽവയലുകളും തണ്ണീർത്തടങ്ങളും പരിവർത്തനപ്പെടുത്തുന്നത് തടയാൻ നെൽവയൽ തണ്ണീർത്തട നിയമം നടപ്പിലാക്കിയിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന കർഷകർക്ക് ഒരു കൈത്താങ്ങായാണ് സംസ്ഥാന സർക്കാർ സുഭിക്ഷ കേരളം പദ്ധതി 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയത്. കാർഷിക മേഖലയിൽ തരിശു നില കൃഷി ഈ പദ്ധതിയുടെ ഒരു പ്രധാന ഘടകം ആയിരുന്നു. സംസ്ഥാനത്തെ ഓരോ വ്യക്തിയെയും കൃഷിയിലേക്ക് ആകർഷിക്കുവാനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും അതുവഴി കാർഷികമേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ "ഞങ്ങളും കൃഷിയിലേക്ക്" എന്ന പരിപാടി ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നു. പരമാവധി കൃഷിയോഗ്യമായ സ്ഥലങ്ങളിൽ കൃഷിയിറക്കുന്നതിന് ഈ പദ്ധതി സഹായകരമാകുന്നു. കാർഷികേതര ആവശ്യങ്ങൾക്ക് നെൽവയലുകൾ

| | | | |
|---|---|---|---|
| | | | ഉപയോഗിക്കുന്നതിന്റെ പ്രവണത കുറയ്ക്കുന്നതിനും നെൽകൃഷി നിലനിർത്തുന്നതിനും നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 3000 രൂപ നിരക്കിൽ റോയൽറ്റി നൽകി വരുന്നു.<br><br>ഇത്തരത്തിൽ കർഷകരെ ബോധവൽക്കരിച്ചുകൊണ്ടും പരിശീലിപ്പിച്ചുകൊണ്ടും പാരിസ്ഥിതിക സുസ്ഥിരത നിലനിർത്തുവാൻ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ